**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *13** | **02.03.2020 ൽ മറുപടിക്ക്**

## എസ്.എ.പി ബറ്റാലിയനിലെ ഇൻസാസ് റൈഫിളുകളുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എം. കെ. മുനീർ<br>ശ്രീ. ടി.വി. ഇബ്രാഹിം<br>ശ്രീ. ടി.എ. അഹമ്മദ് കബീർ<br>ശ്രീ. എം. ഉമ്മർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിലെ 5.56 എം.എം. ഇൻസാസ് റൈഫിളുകളിൽ ഇരുപത്തിയഞ്ച് എണ്ണത്തിന്റെ കുറവ് ഉണ്ടായിരുന്നതായി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മേശപ്പുറത്തുവച്ച സി & എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) പരാമർശിച്ചിട്ടുണ്ട്. |
| ബി) ഈ റൈഫിളുകൾ പിന്നീട് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) ഇത് സംബന്ധിച്ച് ക്രൈം നം. 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു.<br><br>17.02.2020 ൽ അന്വേഷണ സംഘം എസ്.എ.പി ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5 mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി |

| | |
|---|---|
| | മണിപ്പൂരിലേക്ക് കൊണ്ടു പോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല.<br>ക്യാമ്പിൽ ഉണ്ടായിരുന്ന 647 റൈഫിളുകളുടെ മഹസ്സർ ബഹു. തിരുവനന്തപുരം JFMC-XI കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| സി) ബറ്റാലിയനിൽ സൂക്ഷിച്ചിരിക്കുന്ന വെടിക്കോപ്പുകളുടെ സുരക്ഷയും പരിശോധനയും നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;<br>ഡി) ഇല്ലെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | സി) യും ഡി) യും ഉണ്ട്. വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച അന്വേഷണം കാര്യക്ഷമമായി തുടർന്നു വരുന്നു. ഡ്രിൽ കാട്രിഡ്ജുകൾ കാണാനില്ലാത്തതിനു പകരം ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചതിന് ഉത്തരവാദിയായ എസ്.എ.പി. ബറ്റാലിയനിൽ 07/2013 മുതൽ 01/2015 വരെ ക്വാർട്ടർ മാസ്റ്റർ ഹവിൽദാറായിരുന്ന ഉദ്യോഗസ്ഥനെ 26.02.2020-ന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ ഉൾപ്പെടെ 11 പേർക്കെതിരെ വകുപ്പുതല അന്വേഷണവും നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ